ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

**നമ്പർ. DTETVM/11108/2024-EA2 (EA)** **തീയതി:12-12-2024**

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം –സാങ്കേതികം- ദേശീയ ഊർജ്ജ സംരക്ഷണ ദിനാചരണം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും ഊർജ്ജ സംരക്ഷണ പ്രതിജ്ഞയെടുക്കുന്നത്- സംബന്ധിച്ച്.

സൂചന :- സർക്കാരിൽ നിന്നുള്ള സർക്കുലർ നമ്പർ: സിഡിഎൻ.4/150/2024/പൊഭവ തീയതി: 11-2-2024.

സൂചന പ്രകാരം. ദേശീയ തലത്തിൽ എല്ലാ വർഷവും ഡിസംബർ 14 ദേശീയ ഊർജ്ജസംരക്ഷണ ദിനമായി ആചരിച്ചുവരികയാണ്. എല്ലാ വിഭാഗം ജനങ്ങളിലും ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന സന്ദേശമെത്തിക്കുക, മത്സര പരിപാടികൾ, ചർച്ചകൾ, ശില്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ച് കൂടുതൽ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ മനസ്സിലാക്കുക, ഊർജ്ജത്തിന്റെ ദുരുപയോഗം തടഞ്ഞ് കുറഞ്ഞ ഉപയോഗം പ്രോത്സാഹിപ്പിക്കുക, ഊർജ്ജനഷ്ടം തടഞ്ഞ് കാര്യക്ഷമമായ ഊർജ്ജോപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഊർജ്ജസംരക്ഷണ ദിനാചരണത്തിന്റെ ഉദ്ദേശ്യം. കേരളത്തിലെ ഊർജ്ജസംരക്ഷണ ദിനാചരണത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവാന്മാരാക്കുന്നതിനും ഊർജ്ജസംരക്ഷണ പ്രതിജ്ഞയെടുക്കാൻ തീരുമാനിച്ചിരിക്കുന്നു.

2024 ഡിസംബർ 14 അവധിയായതിനാൽ ഈ വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളുടെ മേധാവികളും, അവരവരുടെ ഓഫീസുകളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അന്നേ ദിവസത്തെ അസംബ്ലി സെഷനിലും **2024 ഡിസംബർ 13-ന് രാവിലെ 11.00 മണിക്ക്.** ഊർജ്ജ സംരക്ഷണ പ്രതിജ്ഞ എടുക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.
പ്രതിജ്ഞയുടെ പൂർണ്ണരൂപം ഇതോടൊപ്പം ഉളളടക്കം ചെയ്യുന്നു

**SHALIJ P R**

**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 12-12-2024 16:30:39

## പ്രതിജ്ഞ

ഊർജ്ജ വിഭവങ്ങളുടെ അമിത ചൂഷണവും അമിതോപഭോഗവും വരുത്തിവെയ്ക്കുന്ന ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും എന്റെ നാടിന്റെയും മുഴുവൻ ലോകത്തിന്റെയും നാശത്തിന് വഴിവെക്കുമെന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

ജീവസംരക്ഷണം ഊർജ്ജസംരക്ഷണത്തിലൂടെയേ സാധ്യമാവൂ എന്നതിനാൽ ഹരിതഗൃഹ വാതകങ്ങളുടെ നിർഗമനം കൂട്ടുന്ന ഏതു നടപടിയും നിരുത്സാഹപ്പെടുത്തുവാൻ വേണ്ട പ്രചാരണ പ്രബോധന പരിപാടികളിൽ ഞാൻ ഇന്നുമുതൽ സജീവ സാന്നിദ്ധ്യമായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു.

വരും തലമുറകൾക്കുകൂടി ഉപയോഗിക്കാനാവുംവിധം പരിസ്ഥിതി സൗഹൃദ ഊർജ്ജസ്രോതസ്സുകൾ വികസിപ്പിക്കുവാനും വ്യാപകമായുപയോഗപ്പെടുത്തുവാനും, എവിടെയും എപ്പോഴും ഊർജ്ജക്ഷമത ഉയർത്തിപ്പിടിക്കുവാനും വേണ്ടി ആളുകളെ പ്രേരിപ്പിക്കുന്നത് പൗരധർമ്മമായും സ്വന്തം കടമയായും കണക്കാക്കി, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഇനി ആഴത്തിൽ മുഴുകി പ്രവർത്തിക്കുമെന്നും ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു.